കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്- ട്രൈബൽ സ്കൂളുകളിലെയും വെൽഫയർ സ്കൂളുകളിലെയും എൽ. പി. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ(സാധാ.)നം. 373/2010/പജ.പവ.വിവ. തീയതി, തിരുവനന്തപുരം, 29/03/2010

പരാമർശം:-1) 27/10/2000-ലെ സ.ഉ.(സാധാ) നം.731/2000/പജപവവിവ.
2) പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 19/01/2010 ലെ ഡി1-1060/10 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ സംസ്ഥാനത്തെ ട്രൈബൽ സ്കൂളുകളിലെ എൽ. പി. വിഭാഗത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് രണ്ടു ജോഡി വസ്ത്രം നല്കുന്നതിന് ഓരോ കുട്ടിക്കും നല്കി വന്നിരുന്ന തുക 75/- രൂപയിൽ നിന്നും 250/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക 500/- രൂപയായി വർദ്ധിപ്പിക്കണമെന്ന് പരാമർശം രണ്ടിലെ കത്തു പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ ട്രൈബൽ സ്കൂളുകളിലെയും വെൽഫയർ സ്കൂളുകളിലെയും എൽ. പി. വിഭാഗത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം അലവൻസ് 250/- രൂപയിൽ നിന്നും 500/- രൂപയാക്കി വർദ്ധിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത വർദ്ധനവ് 2010-11 അദ്ധ്യയനവർഷം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് ആവശ്യമായ തുക "2225-02-277-96 വസ്ത്രവിതരണം (നോൺ പ്ലാൻ) ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പോൾ ആന്റണി**
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 10/3/2010- ലെ 9226/ ww2/10/ ധന പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി /വെബ് സൈറ്റ്.

പകർപ്പ്: പട്ടിക സമുദായക്ഷേമവും, ഊർജ്ജവും വകുപ്പു മന്ത്രിയുടെ പി.എസ്- ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ